"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - കഠിനംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1949/2026/LSGD തീയതി,തിരുവനന്തപുരം, 16-10-2026

---

പരാമർശം:- 1. കഠിനംകുളം പഞ്ചായത്ത് ഭരണസമിതിയുടെ 26/09/2026 ലെ 6(5) നമ്പർ തീരുമാനം

2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറകടറുടെ 30.09.2026 ലെ LSGD/PD/32355/2026-DPLC2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കഠിനംകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ കഠിനംകുളം OHSR-ൽ ലീക്ക് പരിഹരിക്കുന്നതിനുള്ള അടിയന്തിര അറ്റകുറ്റപണികൾ ഒക്ടോബർ 10, 2026 മുതൽ ആരംഭിക്കുന്നതായും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് 25 മുതൽ 30 ദിവസം വരെ വേണ്ടി വരുന്നതും, ടി കാലയളവിൽ ജലവിതരണം തടസ്സപ്പെടാതിരിക്കാനായി ഇൻലെറ്റ്, ഔട്ലറ്റ് പൈപ്പുകൾ ബന്ധിപ്പിച്ച് വിതരണം നടത്തുന്നതാണെന്നും, എന്നിരുന്നാലും ഉയരം കൂടിയ പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത കുറയാൻ സാധ്യതയുള്ളതിനാൽ മുൻകരുതൽ നടപടികൾ ആവശ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ അറിയിക്കുകയുണ്ടായി. ഇത് പരിഗണിച്ച് കഠിനംകുളം പഞ്ചായത്ത് ഭരണസമിതി പരാമർശം (1) ലെ തീരുമാന പ്രകാരം, ടി കാലയളവിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അനുമതി തേടുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനായി ആവശ്യമായ സർക്കാർ അനുമതി നൽകണമെന്ന് അപേക്ഷിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി പൈപ്പ് മുഖേനയുള്ള കുടിവെള്ളവിതരണം തടസ്സപ്പെടുന്ന ഉയരം കൂടിയ പ്രദേശങ്ങളിൽ മാത്രം ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത്/വികസനഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കഠിനംകുളം ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MADHUSOODHANAN V
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് II) കേരളം, തിരുവനന്തപുരം ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) കരുതൽ ഫയൽ (DC2/157/2026/LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Shaija R M
Date: 16-10-2026
16:46:57
സെക്ഷൻ ഓഫീസർ